(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കേരള വിദ്യാഭ്യാസ നിയമപരിഷ്ക്കരണ സമിതി

5 (*395) ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളവിദ്യാഭ്യാസ നിയമം പരിഷ്ക്കരിക്കുന്നതിനുവേണ്ടി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സമിതിക്ക് നൽകിയിരിക്കുന്ന ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയാണെന്നും സമിതിയുടെ പ്രവർത്തന പുരോഗതി എന്താണെന്നും അറിയിക്കാമോ ;

(സി) സംസ്ഥാനത്ത് ഒരു വിദ്യാഭ്യാസനയത്തിന് രൂപം നൽകാൻ പരിപാടി ഉണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഡോ. കെ. ഗോപാലൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

(ബി) ടേംസ് ഓഫ് റഫറൻസ് അനുബന്ധമായി വച്ചിരിക്കുന്നു†. പ്രസ്തുത സമിതിയുടെ പ്രവർത്തനം അന്തിമഘട്ടത്തിലാണ്. റിപ്പോർട്ട് മാർച്ച് 31-ന് മുമ്പ് സർക്കാരിന് സമർപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി&ഡി) പുതിയ വിദ്യാഭ്യാസ നയം രൂപീകരിക്കുവാൻ പരിപാടിയില്ല. എങ്കിലും പ്രീപ്രൈമറി മുതൽ പ്ലസ് ടൂ വരെയുള്ള സമഗ്രമായ ഒരു കരിക്കുലം സമീപനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇത് വിശദമായ ചർച്ചകൾക്ക് വിധേയമാക്കി സംസ്ഥാന കരിക്കുലം കമ്മിറ്റി അംഗീകരിച്ചു കഴിഞ്ഞു.

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളോട് വിവേചനം കാണിക്കുന്നു എന്ന പരാതി

6 (*396) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ ചില കോളേജുകളോട് അനുബന്ധിച്ചുള്ള ഹോസ്റ്റലുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളോട് വിവേചനം കാണിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പീഡിപ്പിക്കുന്ന ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) എറണാകുളം സെന്റ് തേരേസാസ് കോളേജ് ഹോസ്റ്റലിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥിനികളെ പ്രത്യേകം താമസിപ്പിക്കുന്നതായും കോളേജ് ആഫീസിലെ ചില ജീവനക്കാർ അവരോട് അവഗണനാപൂർവ്വം പെരുമാറുന്നതായും ഒരു പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന ഡയറക്ടർ മുഖേനയും തുടർന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നേരിട്ടും അന്വേഷണം നടത്തിയ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ടി. റിപ്പോർട്ട് അടിയന്തിരമായി പരിശോധിച്ച് വരികയാണ്. കൂടാതെ കോളേജ് മാനേജ്മെന്റിന്റെ വിശദീകരണം വാങ്ങി സർക്കാരിന് സമർപ്പിക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പീഡിപ്പിക്കുന്ന ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ കർശന നടപടികൾ എടുക്കുന്നതാണ്.

"സംസ്ഥാനത്ത് നിലവിലുള്ള രജിസ്ട്രേഷൻ റൂൾസ്"

7 (*397) ശ്രീ. ടി. എസ്. ജോൺ :
ശ്രീ. ആന്റണി രാജു :
ഡോ. കെ. സി. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള രജിസ്ട്രേഷൻ റൂൾസ് എന്നാണ് നിലവിൽ വന്നത്. ഇവ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) രജിസ്ട്രേഷൻ വകുപ്പിൽനിന്നും ഒരു വർഷം ലഭിക്കുന്ന ശരാശരി വരുമാനം എത്രയാണ് ;

(സി) റിക്കാർഡുകൾ കൃത്യമായി സൂക്ഷിക്കേണ്ടത് അത്യാവശ്യമായ ഈ വകുപ്പിൽ അതിനാവശ്യമായ സൗകര്യങ്ങൾ നിലവിലുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(ഡി) പഴയ കെട്ടിടങ്ങൾ പുതുക്കിപ്പണിയുന്നതിനും എല്ലാ ഓഫീസുകൾക്കും സ്വന്തം കെട്ടിടം പണിയുന്നതിനും നടപടി സ്വീകരിക്കുമോ ; വിശദവിവരം നല്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly